# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 - 2026

## ഗവ. യു. പി. എസ്.

## തിരുവാർപ്പ്

OPPO A31
2025/07/14 14:19

ഗവ. യു. പി. സ്കൂൾ
തിരുവാർപ്പ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

വിദ്യാഭ്യാസ ജില്ല — കോട്ടയം

ഉപജില്ല — കോട്ടയം വെസ്റ്റ്

പഞ്ചായത്ത് — തിരുവാർപ്പ്

സ്കൂൾ കോഡ് — 33214

OPPO A31
2025/07/14 14:20

# ഉള്ളടക്കം


* ആമുഖം
* കാഴ്ചപ്പാട്
* പൊതുലക്ഷ്യങ്ങൾ
* അക്കാദമിക പ്രവർത്തനങ്ങൾ
* ഉപസംഹാരം



OPPO A31
2025/07/14 14:21

# ആമുഖം

തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാളിന്റെ നാമധേയത്തിൽ ചരിത്രമുറങ്ങുന്ന പുണ്യ ഭൂമിയായ തിരുവാർപ്പിൽ 1919 - ൽ ആരംഭിച്ച സരസ്വതി ക്ഷേത്രം. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെയും ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെയും ശ്രീ നാരായണ ഗുരുവിന്റെയും സന്ദർശനത്താൽ യശസ്സ് ഉയർത്തപ്പെട്ട തിരുവാർപ്പ് ഗവ. യു. പി. സ്കൂൾ 106 ന്റെ നിറവിലെത്തി നിൽക്കുന്നു.

ആടിയും പാടിയും കളിച്ചും രസിച്ചും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ടും ജീവകാരുണ്യ-സാന്ത്വന സ്പർശന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും ലഹരിക്കെതിരെ കൈകോർക്കാം നന്മ പ്രവർത്തനമായി ഏറ്റെടുത്തു കൊണ്ട്, പ്രകൃതി സംരക്ഷണം, മാലിന്യ സംസ്കരണം നല്ല പാഠം പരിപാടിയായി സ്വീകരിച്ചു കൊണ്ട് കുട്ടികൾക്ക് വിദ്യാലയം ആനന്ദത്തിന്റെ വിളനിലമായി മാറുന്നു.

പുസ്തകങ്ങളോടൊപ്പം കുഞ്ഞുങ്ങളുടെ ജീവിതത്തിന്റെ നല്ല പാഠങ്ങൾ പഠിപ്പിച്ച് ഈ ദേശത്തിന്റെ മുഴുവൻ വെളിച്ചമായ് ഈ പാഠശാല നിലകൊള്ളട്ടെ എന്ന് പ്രത്യാശിക്കുന്നു.

OPPO A31
2025/07/14 14:21

# കാഴ്ചപ്പാട്

ആകർഷകമായ വിദ്യാലയ കെട്ടിടവും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും , ഗതാഗത സൗകര്യങ്ങളും ഒരുക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ലൈബ്രറി, ലബോറട്ടറി, IT ലാബ് എന്നിവ വിപുലീകരിച്ച് കൂടുതൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി മികച്ച പഠനാന്തരീക്ഷം ഒരുക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നു. ഡിജിറ്റൽ ക്ലാസ്സ് റൂം പ്രാവർത്തികമാക്കുന്നതിലൂടെ രസകരവും കലാത്മകവുമായി പഠനം നിർവ്വഹിക്കുവാൻ കഴിയും.

മെച്ചപ്പെട്ട അടുക്കള , ഭക്ഷണശാല, സ്വാദിഷ്ഠമായ ഭക്ഷണം, പോഷക സമൃദ്ധ കറികൾ എന്നിവ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ക്രമീകരിക്കുന്നു. പ്രകൃതി സംരക്ഷണവും വിദ്യാലയ സൗന്ദര്യവൽക്കരണവും വിദ്യാലയ അന്തരീക്ഷം മികച്ചതാക്കുന്നു. ചുവരുകളിൽ വർണ്ണാഭമായ ചിത്രങ്ങൾ , കലാരൂപങ്ങൾ , ഗണിത രൂപങ്ങൾ എന്നിവ വരച്ച് മനോഹരമാക്കൽ. കായിക വിനോദത്തിനായി കളിസ്ഥലം ആധുനിക രീതിയിൽ സജ്ജീകരിക്കുന്നത് കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്നതിന് [illegible]

OPPO A31
2025/07/14 14:21

# പൊതു ലക്ഷ്യങ്ങൾ

* വിദ്യാലയത്തിൽ പഠനം നടക്കുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുന്നു.

* ഓരോ ടേമും പൂർത്തിയാകുമ്പോഴും [ലോവർ പ്രൈമറി, അപ്പർ പ്രൈമറി] കുട്ടി നേടേണ്ട പഠന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുന്നു. കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തന്നെ രക്ഷകർത്താക്കളെ അറിയിക്കൽ.

* കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായികവുമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും

* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുന്നു.

* ശാസ്ത്ര വിഷയങ്ങളിൽ കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടക്കുന്നതിന് ലാബ് സജ്ജീകരണങ്ങൾ ഏർപ്പെടുത്തും.

* കലാപഠനത്തിനും പ്രവൃത്തി പരിചയത്തിനും ആരോഗ്യ കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും മതിയായ പ്രാധാന്യം നൽകൽ.

* പ്രകൃതി സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും പ്രകൃതിയോട് ഇണങ്ങിച്ചേരുന്നതിനുമുള്ള അവസരങ്ങൾ കുട്ടികൾക്ക് ഉറപ്പു വരുത്തുന്നു

OPPO A31
2025/07/14 14:21

* കുട്ടികളുടെ സാങ്കേതികപരവും ആരോഗ്യപരവുമായ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകി അവരെ ശുചിത്വ ശീലങ്ങളും ശരിയായ ജീവിത ശൈലിയും നേടാനുള്ള അവസരം ഒരുക്കുന്നു.

* വിദ്യാർത്ഥികളെ ആരോഗ്യ കാര്യങ്ങളിൽ സ്വയം പര്യാപ്തരാക്കുക. അതിനാവശ്യമായ സഹായങ്ങൾ നൽകുക.

* വായന ശീലം വളർത്തുന്നതിനായി വായനക്കൂട, വീട്ടിലൊരു ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ കാര്യക്ഷമമാക്കൽ.

* കൃഷിയോടും പ്രകൃതിയോടും ഉള്ള താല്പര്യം വളർത്തുക.

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ. കുട്ടികളുടെ പഠന നില അറിഞ്ഞു കൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കൽ

* സ്കൂൾ സംരക്ഷണ സമിതിയുടെ സഹായത്തോടെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കി കൃത്യബോധമുള്ള പൗരന്മാരായി വാർത്തെടുക്കുക.

# ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ

## മലയാളം - അക്ഷരത്തെളിമ

അധ്യയന സമയത്തിനു പുറമെ അധിക സമയം കണ്ടെത്തി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ പ്രവർത്തനം നൽകുന്നു. ചിത്രവായന, പദകാർഡ്, വാക്യകാർഡ് എന്നിവ ഉപയോഗിച്ചുള്ള വിവരണങ്ങൾ നൽകുന്നു വായന, ലേഖനം എന്നി ഘട്ടങ്ങളിലൂടെ കടന്നു പോകുന്നു

വിട്ടുപോയ അക്ഷരങ്ങൾ, വാക്കുകൾ, ചിഹ്നങ്ങൾ ചേർക്കൽ തുടങ്ങിയ ഭാഷാകേളികൾ നൽകുന്നു. വായനയ്ക്കായി കഥ പുസ്തകങ്ങൾ, ബാല മാസികകൾ, പത്രം തുടങ്ങിയ വായന സാമഗ്രികൾ നൽകുന്നു. കുഞ്ഞെഴുത്ത് നിഘണ്ടു, വളരുന്ന അക്ഷര മരം എന്നിവ നിർമ്മിക്കുന്നു.

## ഇംഗ്ലീഷ്

പദകാർഡ് വായന, വിട്ടുപോയ വാക്കുകൾ പൂരിപ്പിക്കൽ, വാക്യ നിർമ്മാണം, വാക്കുകളുടെ ശരിയായ ഉച്ചാരണം പരിശീലിക്കൽ, PICTURE READING, ENGLISH ബോക്സുകൾ, അസംബ്ലി, NEWS READING, DIARY എഴുത്ത്, STORY TELLING, READING CORNER.

## ഹിന്ദി

അക്ഷരങ്ങൾ ഉറപ്പിക്കൽ. വാക്യങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പിന്നാക്ക കുട്ടികൾക്കായി അക്ഷരങ്ങൾ വലിപ്പത്തിൽ എഴുതി ക്രയോൺ ഉപയോഗിച്ച് റീറൈറ്റിംഗ് പ്രവർത്തനം.

OPPO A31
2025/07/14 14:22

## ഗണിതം

സംഖ്യകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം. സ്ഥാനവില പോക്കറ്റ്, സ്ട്രിപ്പ് എന്നിവ ഉപയോഗിച്ച് സംഖ്യാ സ്ഥാനം മനസ്സിലാക്കൽ. ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നതിനും വരയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ. സങ്കലന, ഗുണന പട്ടികകൾ രൂപീകരിക്കൽ, ഗണിത കേളികളിൽ ഏർപ്പെടൽ.

## സാമൂഹ്യശാസ്ത്രം

ഭൂപട നിർമ്മാണം, പ്രാദേശിക വിവര ശേഖരണം, മോഡലുകൾ നിർമ്മാണം, ദിനാചരണങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തൽ. ഗ്രാമത്തിൽ സർവ്വേ നടത്തൽ. ആൽബം നിർമ്മാണം, വിവിധ ശേഖരണങ്ങൾ - നാണയം, STAMP, പഴയ കാല വസ്തുക്കൾ, ദേശീയ നേതാക്കളുടെ ചിത്രങ്ങൾ.

## അടിസ്ഥാന ശാസ്ത്രം

ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനായി ശാസ്ത്ര സംബന്ധമായ പുസ്തകങ്ങൾ, വീഡിയോകൾ എന്നിവ ലഭ്യമാക്കുന്നു. ശാസ്ത്ര പരീക്ഷണം, ദിനാചരണങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു. മികച്ച ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കൽ.

## വായന

വായന ശീലം വളർത്തുന്നതിന് ക്ലാസ്സ് തലത്തിൽ വായന മൂല ഒരുക്കൽ, പുസ്തകം പരിചയപ്പെടൽ, വായനക്കുറിപ്പ് തയ്യാറാക്കൽ, വീട്ടിലൊരു ലൈബ്രറി, അമ്മവായന, ജന്മദിന സമ്മാനം - വിദ്യാലയത്തിനൊരു പുസ്തകം, വളരുന്ന മരം, [illegible]തോട്ടിൽ, കൂട്ടുകാരിക്കൊരു പുസ്തകം തുടങ്ങിയ [illegible] നടത്തുന്നു.

OPPO A31
2025/07/14 14:22

# കല, കായികം, പ്രവൃത്തി പരിചയം

കുട്ടികളുടെ കല, പ്രവൃത്തി പരിചയ മേഖലകളിലെ കഴിവുകൾ വികസിപ്പിക്കുന്നതിന് വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും, കായിക ക്ലബ്ബ് കൺവീനറുടെയും നേതൃത്വത്തിൽ പരിശീലനം നൽകുന്നു. പഞ്ചായത്തിന്റെ സഹകരണത്തോടെ വിദഗ്ദ്ധരുടെ സേവനം ഉൾപ്പെടുത്തി പരിശീലനം ലഭ്യമാക്കുന്നു.

# അക്കാദമിക പ്രവർത്തനങ്ങൾ

ദിനാചരണങ്ങൾ ഫലപ്രദമായി നടത്തുന്നു. അസംബ്ലി മെച്ചപ്പെടുത്തുന്നതിനായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ നടത്തുന്നു. അസംബ്ലിയുടെ ഭാഗമായി ചിന്താവിഷയം, പുസ്തക പരിചയം, ക്വിസ്, സ്കൂൾ ന്യൂസ്, ENGLISH ACTION SONGS, PUZZLES എന്നിവ നടത്തുന്നു.

പി.ടി.എ., എം. പി.ടി.എ. യോഗങ്ങളും വിളിച്ചു കൂട്ടി കുട്ടികൾ നേടേണ്ട ശേഷികൾ ഏതൊക്കെയാണെന്നും അതിനാവശ്യമായ പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും ചർച്ച ചെയ്ത് സാഹചര്യങ്ങൾ ഉറപ്പു വരുത്തുന്നു. അക്കാദമിക പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹായ സഹകരണങ്ങൾ ഉറപ്പു വരുത്തുന്നു.

കുട്ടികളുടെ ആരോഗ്യശീലങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തുന്നു. പ്രകൃതി സംരക്ഷണ മനോഭാവം വളർത്തുന്നതിനായി മരങ്ങൾ സംരക്ഷിക്കൽ, പൂന്തോട്ട നിർമ്മാണം, ജൈവ പാർക്ക് നിർമ്മാണം എന്നിവ ഏറ്റെടുത്ത് നടത്തുന്നു. കൃഷിയോടുള്ള അഭിരുചിയും വളർത്തുന്നതിന്

# മലയാളം

ക്ലാസ് 1,2

| SL.NO | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അടിസ്ഥാന ഭാഷാ ശേഷി വികസനം | പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | 3 മാസം | ക്ലാസ്. ലൈബ്രറി<br>പത്രങ്ങൾ | P.T.A<br>BR.C |
| 2. | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1. എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2. ലഘുപതിപ്പുകൾ തയ്യാറാക്കൽ. | 3 മാസം | SRG<br>SMC<br>PTA<br>പത്രങ്ങൾ | PTA<br>BRC |
| 3. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. പത്രവായന<br>2. സ്കൂൾ സഭ, ബാലസഭ<br>3. വായനോത്സവം. | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ | BRC<br>DIET<br>SCERT<br>P.T.A |

OPPO A31
2025/07/14 14:22

| Sl.No | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| 4 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>3. അക്ഷര കാർഡ് നൽകൽ<br>4. പദങ്ങൾ എഴുതിയ കാർഡ്<br>5. വടിവെഴുത്ത്<br>6. രചനോത്സവം. | 6 മാസം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | BRC<br>SRG<br>PTA |
| 5. | സർഗാത്മകതയെ തട്ടിയുണർത്താം. | 1. പാട്ടരങ്ങ്. | 6 മാസം | പുസ്തകങ്ങൾ. | BRC<br>PTA |
| | | | | | |

| SL No | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| | | **ഗണിതം** | | | |
| 1. | ഗണിത കൗതുകം. | 1. ഗണിത പഠനം രസകരമാക്കുക<br>2. സംഖ്യകൾ കൂട്ടുകാർ<br>3. കുട്ടിക്കട<br>4. ഗണിത കേളി | 6 മാസം | ചിത്രങ്ങൾ<br>സംഖ്യാ കാർഡ്<br>ICT | BRC<br>PTA<br>SRG |
| 2. | ഗണിത ചിന്താശേഷി വളർത്തൽ | 1. കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | 3 മാസം | പസിലുകൾ | SRG |
| | | | | | |

OPPO A31
2025/07/14 14:24

ENGLISH CLASS : I / II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ആസ്വാദ്യമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ / വീഡിയോ പ്രദർശനം | മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | SSA |
| ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | ചിത്രവായന, വീഡിയോ പ്രദർശനം, റോൾ പ്ലേ സംഭാഷണം | 6 മാസം | SRG<br>ക്ലാസ് ടീച്ചർ | BRC<br>PTA |
| | LET'S TALK ...<br>പ്രതിഭാശാലികളുമായി സംവദിക്കൽ | 3 മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>SMC | PTA |
| | ENGLISH - ബാലസഭ | മാസത്തിൽ ഒന്ന് | SRG | PTA |
| | ENGLISH ASSEMBLY<br>ONE DAY ENGLISH | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>SRG | |

OPPO A31
2025/07/14 14:24

OPPO A31
2025/07/14 14:24

# മലയാളം

ക്ലാസ്: 3, 4

| SL No | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. അക്ഷര കാർഡ് നൽകൽ<br>4. പദ നിർമ്മാണം<br>5. വാക്യങ്ങൾ നിർമ്മിക്കൽ<br>6. ചിത്രം - അടിക്കുറിപ്പ്<br>7. ചിത്രം - കഥ പറയൽ<br>8. ചിത്രം - കഥ എഴുതൽ | 6 മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ | S.S.K<br>P.T.A |
| 2. | വായനാ പരിപോഷണം. | 1. വായനാക്കളരി<br>2. പുസ്തക ശേഖരണം. | 6 മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ | SSK<br>BRC<br>PTA |
| | | | | | |

# പരിസര പഠനം - ക്ലാസ് 3, 4 EVS

| Sl.No | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | നിരീക്ഷണം - അറിവു നിർമാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | | PTA |
| 2. | ശാസ്ത്രമൂല - ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | | S.S.A |
| 3 | ശാസ്ത്രയാത്ര - ശാസ്ത്രപഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം. | | PTA |
| 4. | ഭൂപടമൊരുക്കാം - കേരളം, ഇന്ത്യ - ഭൂപട വായന. | ഭൂപട വായന, ഭൂപട രചന | വർഷത്തിലൊന്ന് | | PTA |
| 5. | ശാസ്ത്രോത്സവം, ശാസ്ത്ര മാസിക. | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം പരീക്ഷണം, ശാസ്ത്ര മാസികകളുടെ നിർമാണം | വർഷത്തിലൊന്ന് | | SSA PTA |

OPPO A31
2025/07/14 14:24

## LP. ഗണിതം ക്ലാസ് - 3, 4

| Sl | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിത പഠനം രസകരമാക്കൽ | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ- ഏണിയും പാമ്പും ഡയസ് കളി<br>സങ്കലനം - വ്യവകലനം [കച്ചവട കളി] | വർഷം മുഴുവൻ | ചിത്രങ്ങൾ | SRG |
| 2. | ഗണിത പഠനം സുതാര്യമാക്കൽ | ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | | PTA |
| 3 | ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം. | | | |
| 4. | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല<br>ടാൻഗ്രാം രൂപങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കൽ. | ഒക്ടോബർ | | SRG<br>PTA |

OPPO A31
2025/07/14 14:25

ENGLISH CLASS III & IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| * വായന - ലേഖന ശേഷിയും മെച്ചപ്പെടുത്തുക | ക്ലാസ്സ് - ലൈബ്രറി വിതരണം | ജൂൺ - മാർച്ച് | SRG<br>ക്ലാസ്സ് ടീച്ചർ | |
| | വാർത്താ വായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | SRG<br>PTA | PTA |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | 1 വർഷം | SRG | SSK<br>PTA |
| * ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | * ENGLISH ASSEMBLY<br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. കുട്ടികളുടെ നേതൃത്വത്തിൽ ചേരൽ | 1 വർഷം | ക്ലാസ്സ് ടീച്ചർ | |
| * തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | * ഇംഗ്ലീഷ് ഡയറി<br>നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു | 1 വർഷം | ക്ലാസ്സ് ടീച്ചർ. | |

OPPO A31
2025/07/14 14:26

OPPO A31
2025/07/14 14:27

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ വായനയ്ക്കും ലേഖനത്തിനും അവസരം സൃഷ്ടിക്കൽ | അക്ഷര ചക്രം<br>വാക്യ ചാർട്ട് നിർമ്മാണം<br>കഥാചാർട്ട് വായന<br>ചിത്ര വായന<br>English - CLASS ലൈബ്രറി ക്രമീകരിക്കൽ<br>കഥാ പൂരണം<br>അടിക്കുറിപ്പ് തയ്യാറാക്കൽ | 1 വർഷം | ക്ലാസ് ടീച്ചർ<br>SRG | SSA<br>PTA |
| | | | | |

## 2) മലയാളം, അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സ്കൂൾതല വിലയിരുത്തൽ |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനായി കുട്ടികളെ പ്രാപ്തരാക്കുക. | <u>എന്റെ ശൈശവകാലം</u><br>• രക്ഷിതാക്കൾ അവരുടെ ശൈശവകാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്] അവതരിപ്പിക്കുന്നു | ജൂൺ | മലയാളം അധ്യാപകർ | |
| | <u>അക്ഷരക്കളി</u><br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | <u>വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്</u><br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ | മലയാളം അധ്യാപകർ | |

OPPO A31
2025/07/14 14:28

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ശരിയായി ഇംഗ്ലീഷ് കേൾക്കാനും അനായാസം സംസാരിക്കാനും അവസരം നൽകുന്നു. | 1. നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br>2. ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.<br>3. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ പ്രോത്സാഹിപ്പിക്കുന്നു. | | | |
| 2. | ഭാവാത്മക വായന | റീഡേഴ്സ് തിയേറ്റർ, ലേണിംഗ് ലാഡർ, ഇംഗ്ലീഷ് പത്രം വായന | | | |
| 3 | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | 1. കുട്ടികളുടെ കലാസൃഷ്ടി- ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു.<br>2. സൂചന ബോർഡ്, പോസ്റ്ററുകൾ, നോട്ടീസുകൾ എഴുതി പ്രദർശന | | | |
| | | | | | |

# U · P · ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | * LEND YOUR EAR<br>ദിവസവും ആകർഷകമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു അതനുസൃത ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു | ആഗസ്റ്റ് | ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | * FOLLOW ME IF YOU CAN.<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br><br>* TREASURE HUNT<br>വ്യത്യസ്തമായ കവറുകൾ പ്രദർശിപ്പിക്കുന്നു. കവറുകളുടെ നമ്പർ എഴുതി നൽകിയിട്ടുണ്ട്. നമ്പറുകൾപ്പി | ഒരു വർഷം | ഇംഗ്ലീഷ് ടീച്ചർ | |

OPPO A31
2025/07/14 14:28

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കൂടെ പഠിക്കുന്ന വസ്തുവിനെക്കുറിച്ച് വിവരിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു പോയിന്റ് നൽകുന്നു. | 6 മാസം | ഇംഗ്ലീഷ് ടീച്ചർ | |
| | * ONE MAN SHOW<br>അഭിനയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് ടീച്ചർ | |
| | * BREAKING NEWS<br>ഇംഗ്ലീഷ് ന്യൂസ് വാർത്ത റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശീലിക്കുവാൻ അവസരം ഒരുക്കുന്നു | നവംബർ ↓ ഒക്ടോബർ | ഇംഗ്ലീഷ് ടീച്ചർ | |
| ഭാഷാപരമായ വായന പരിശീലിപ്പിക്കുന്നു. | * I TOO CAN<br>വായനക്കാർഡുകൾ വിദ്യാർത്ഥികൾ തെരഞ്ഞെടുത്ത് വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് ടീച്ചർ. | |

| ആഴ്ച | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
| --- | --- | --- | --- | --- |
| | * READER'S THEATRE SKIT, ROLE PLAY CONVERSATIONS, DRAMA | ജൂൺ മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ SRG | SRG |
| | * READER OF THE MONTH ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു. ENGLISH ASSEMBLY -ൽ ഓരോ കുട്ടിയ്ക്കും NEW READING നടത്തി ഒരു മാസത്തിലെ ഏറ്റവും നല്ല Reader-ക്ക് സമ്മാനം നൽകുന്നു. | മാസം തോറും | SRG ഇംഗ്ലീഷ് ടീച്ചർ. | PTA. |
| | * LEANING LADDER പാഠഭാഗത്തെ തിരഞ്ഞെടുത്ത വാക്കുകൾ ചാർട്ടിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. കൂടുതൽ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് ടീച്ചർ | SRG. |

OPPO A31
2025/07/14 14:29

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | * MINI DICTIONARY<br>CLASS MAGAZINE നിർമ്മാണം | 1 വർഷം | ഇംഗ്ലീഷ് ടീച്ചർ<br>SRG | PTA |
| | * ALERT ZONE<br>നോട്ടീസ്, പോസ്റ്ററുകൾ, സൂചന ബോർഡുകൾ എന്നിവ എഴുതി പ്രദർശിപ്പിക്കൽ | ദിനാചരണ വേളകളിൽ | SRG<br>ഇംഗ്ലീഷ് ക്ലബ്ബ് | PTA |
| | * RUN BABY RUN<br>ഗ്രൂപ്പുകളാക്കുന്നു<br>പ്രദർശന ചാർട്ടിലെ വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതൽ.<br>വിജയികൾക്ക് സമ്മാനം നൽകൽ | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |

OPPO A31
2025/07/14 14:30

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക [illegible] |
|---|---|---|---|---|
| വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിന നസരിച്ച പുസ്തകങ്ങൾ ശേഖരിച്ച് വായനമൂല ഒരുക്കൽ. | 1 വർഷം | ക്ലാസ്സ് ടീച്ചർ | PTA |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | വായന മത്സരം<br>രചനാ മത്സരം<br>സർഗ്ഗാത്മക പ്രവർത്തനങ്ങൾ കൂടെ അവതരണം | | | |

OPPO A31
2025/07/14 14:30

OPPO A31
2025/07/14 14:30

# UP. ഗണിതം

| [illegible] | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാലയിലൂടെ ഉറപ്പിക്കുന്നു. [ചാർട്ട്, ഫ്ലാഷ് കാർഡ്...] | ജൂൺ | | |
| 2. | ഗണിത പഠനം സുഗമമാക്കൽ മധുരമാക്കൽ | 1. ഗണിത ലാബിലൂടെ ക്ലാസ്.<br>2. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ് എടുക്കൽ. | ആവശ്യാനുസരണം. | | |
| 3. | ഗണിത മേഖലയിൽ താൽപര്യം വർദ്ധിപ്പിക്കൽ. | ഗണിതത്തിൽ പ്രാവീണ്യമുള്ള തദ്ദേശവാസികളുടെ ക്ലാസ് നൽകൽ | വർഷത്തിൽ മൂന്നോ നാലോ | | |
| 4. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ICT യിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയവ നൽകൽ. | മാസത്തിൽ ഒന്ന്. | | |
| 5 | വിവിധ ശേഷികളുടെ വികസനം. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം. | | |

# UP. സയൻസ്

UP BS

| ക്ര | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ. |
|---|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | 1. ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ഉൾക്കൊള്ളിച്ച് ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | ആവശ്യാനുസരണം. | | PTA |
| 2. | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ഊർജ്ജ ക്ലബ്ബ്, ആരോഗ്യക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ബന്ധപ്പെട്ട് പ്രൊജക്റ്റ് തയ്യാറാക്കൽ സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | | PTA സയൻസ്-ക്ലബ്ബ് |
| 3. | ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക. | ICT സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | | | |

# UP. സോഷ്യൽ സയൻസ്

UP S.S

| Sl | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | 1. അറിവ് പരിശോധിക്കുന്നതിന് പ്രോജക്ടുകൾ നൽകുന്നു.<br>2. ICT ഉപയോഗിച്ച് അടിസ്ഥാന വിവരങ്ങൾ നൽകുന്നു. | ജൂൺ | | |
| 2. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | 1. ICT ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം. | | | |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | 1. ഗ്രാമസഭ, വാർഡ്സഭ തുടങ്ങിയവയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | | | |
| 4. | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, വ്യക്തികൾ എന്നിവ സന്ദർശിച്ച് സേവനം നൽകാൻ അവസരം നൽകുന്നു. | | | |

OPPO A31
2025/07/14 14:30

# U.P. Hindi

UP Hindi

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഹിന്ദി ഭാഷ ഇഷ്ടപ്പെടുക, പരിചിതപ്പെടുത്തുക. | പുതിയ പദങ്ങൾ, ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, എന്നിവ പരിചയപ്പെടൽ | 6 മാസം | | |
| 2. | തെറ്റു കൂടാതെ ഹിന്ദി വായിക്കാനുള്ള കഴിവ് നേടുക. | ചിത്രകഥകൾ കേൾപ്പിക്കുക, പുസ്തകങ്ങൾ വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് നയിക്കുക. | | | |
| 3. | ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. | ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഹിന്ദിയിൽ തന്നെ ഉത്തരങ്ങൾ പറയിപ്പിക്കുക. മത്സര വായന | | | |
| | | | | | |

OPPO A31
2025/07/14 14:31